എം.എൽ.എ., എം.പി., എന്നീ സ്ഥാനങ്ങളിൽ സ്തുത്യർഹമായ സേവനം നടത്തിയ വർക്കല രാധാകൃഷ്ണന്റെ സ്മരണയ്ക്കായി വർക്കലയിൽ ലൈബ്രറി സൗകര്യങ്ങളോടുകൂടിയ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുന്നതു സംബന്ധിച്ച് ഈ സഭയിൽ തന്നെ പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, കേരള സഭയുടെയാകെ ആദരവ് ആർജ്ജിച്ച ആളാണ് അന്തരിച്ച വർക്കല രാധാകൃഷ്ണൻ. അദ്ദേഹത്തെക്കുറിച്ച് ശ്രീ. വർക്കല കഹാർ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോടെല്ലാം പൂർണ്ണമായ യോജിപ്പാണ്. കേരള നിയമസഭയിൽ അദ്ദേഹം ദീർഘകാലം സാമാജികനായിരുന്നുവെന്ന് മാത്രമല്ല, നിയമസഭാ അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ വിലപ്പെട്ടതാണ്. അതിനേക്കാൾ വിലപ്പെട്ട സംഭാവനകൾ പാർലമെന്റ് അംഗമായി പാർലമെന്റിൽ അദ്ദേഹം ചെയ്തു. ജനാധിപത്യത്തിൽ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. അത് ഒരിക്കലും മറക്കാൻ പാടില്ല. അതുകൊണ്ട് ശ്രീ. വർക്കല കഹാർ നിർദ്ദേശിച്ചതുപോലെതന്നെ വർക്കല രാധാകൃഷ്ണന്റെ സ്മരണ എക്കാലവും നിലനിൽക്കത്തക്ക നിലയിൽ വർക്കലയിൽ ലൈബ്രറി ഉൾപ്പെടെയുള്ള ഒരു സാംസ്ക്കാരിക നിലയം ആരംഭിക്കുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാർ ചെയ്യുന്നതാണ്.

(10) എൽ.എൻ.സി.പി.ഇ. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട്

ശ്രീ. കെ. സി. ജോസഫ്: സർ, ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ ഈ വർഷത്തെ എം.പി.ഇ. പരീക്ഷ ആദ്യം ജൂലായ് മൂന്നിന് നിശ്ചയിച്ചിരുന്നു. ആ പരീക്ഷ യൂണിവേഴ്സിറ്റിയുടെ ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ സൗകര്യം കണക്കിലെടുത്തുകൊണ്ട് ജൂലായ് 7-ലേയ്ക്ക് മാറ്റി. ആ പരീക്ഷ നടക്കുമ്പോൾ മുഴുവൻ സമയവും യൂണിവേഴ്സിറ്റിയുടെ ഡയറക്ടർ അവിടെ ഉണ്ടാകേണ്ടതായിരുന്നു. അദ്ദേഹം വൈകി എത്തി, നേരത്തെ പോയി. ആ പരീക്ഷ നടത്തി, പരീക്ഷയിൽ ജയിച്ചവർക്ക് ഫിസിക്കൽ ടെസ്റ്റ് നടത്തി. അതുകഴിഞ്ഞ് ഇൻഡിവിഡുവൽ ഐറ്റംസിനുള്ള ടെസ്റ്റ് നടത്തി. ഇതെല്ലാം കഴിഞ്ഞ് വിദ്യാർത്ഥികളെ സെലക്ട് ചെയ്തു. നെറ്റിൽ അവരുടെ പേരും പ്രസിദ്ധീകരിച്ചു. നെറ്റിൽ പറഞ്ഞത്, ജൂലായ് 19-ാം തീയതി വിദ്യാർത്ഥികൾ കോളേജിൽ ഹാജരായി അഡ്മിഷന് ചേരണം; ജൂലായ് 19-ന് ഹാജരായില്ലെങ്കിൽ അഡ്മിഷൻ ക്യാൻസലാകും, വെയിറ്റിംഗ് ലിസ്റ്റിൽ നിന്ന് ആളുകളെ അഡ്മിറ്റ് ചെയ്യും. ഈ അറിയിപ്പ് നെറ്റിൽ കണ്ട് കേരളത്തിന് പുറത്തുനിന്ന് അടക്കം നിരവധി വിദ്യാർത്ഥികൾ ഇന്നലെ കോളേജിൽ എത്തി. പല വിദ്യാർത്ഥികളും അവർ പഠിച്ചിരുന്ന കോളേജിൽ നിന്ന് ടി.സി വാങ്ങി എത്തിയപ്പോൾ ഇത് ക്യാൻസൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുവെന്ന് പറയുന്നു. ഇത് വളരെ ഗുരുതരമായ വീഴ്ചയാണ്. പരീക്ഷയിൽ ക്രമക്കേടുണ്ടെങ്കിൽ കൃാൻസൽ ചെയ്യട്ടെ. പക്ഷേ കേരളത്തിലെ മുപ്പതോളം വിദ്യാർത്ഥികൾ അവർ നേരത്തെ പഠിച്ച കോളേജിൽ നിന്ന് ടി.സി വാങ്ങി ഇവിടെ എത്തിയപ്പോഴേക്കും ഇവിടെ ചേരാൻ പറ്റില്ലായെന്നു പറഞ്ഞാൽ അവരുടെ ഒരു കൊല്ലം നഷ്ടപ്പെടും. ഇതിന് ഉത്തരവാദി യൂണിവേഴ്സിറ്റിയും അവിടത്തെ ഇൻസ്റ്റിറ്റ്യൂട്ടുമാണ്. പരീക്ഷയിൽ ക്രമക്കേടു ണ്ടെന്ന് ഇപ്പോൾ പറയുന്നു. ക്രമക്കേടുണ്ടെങ്കിൽ നേരത്തെ റദ്ദാക്കണം, ടി.സി. വാങ്ങി വരേണ്ട ആവശ്യമില്ലെന്ന് അവരെ അറിയിക്കണം. ആ വിദ്യാർത്ഥികളുടെ ഒരു വർഷം നഷ്ടപ്പെടാൻ പാടില്ല. ഇതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഈ സബ്മിഷന്റെ കാര്യത്തിൽ ഞാൻ അങ്ങയുടെ സ്ഥാനത്താണ്. ഇക്കാര്യത്തിൽ സ്പോർട്ട്സ് മന്ത്രിയെന്ന നിലയിൽ ഞാനും ഇടപെട്ടു. ഇത് വളരെയേറെ പ്രയാസമുണ്ടാക്കിയ ഒരു പ്രശ്നമാണ്. ശരിക്കു പറഞ്ഞാൽ ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനും കേരള യൂണിവേഴ്സിറ്റിയും തമ്മിലുള്ള പ്രശ്നമാണ് ഇത്. എൽ.എൻ.സി.പി കേരള യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത ഒരു കോളേജാണ്. കേരള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തുകഴിഞ്ഞാൽ അവരുടെ നിബന്ധനകളെല്ലാം പാലിക്കണം. നിബന്ധനകൾ പാലിക്കാൻ അവരെ സഹായിക്കുന്നതിന് പകരം തടസ്സങ്ങളു ണ്ടാക്കാൻ വേണ്ടിയുള്ള കാര്യങ്ങൾ നടന്നു. അതാണ് ഈ പ്രശ്നങ്ങൾ ഉണ്ടാക്കിയത്. സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സെക്രട്ടറി വന്ന് എന്നെ കണ്ടു. അവരും വൈസ് ചാൻസലറുമായി ഒരു മീറ്റിംഗ് വച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ കുട്ടികളുടെ ഭാവി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികളെടുത്തിട്ടുണ്ട്. എന്തെങ്കിലും അപാകത സംഭവിച്ചാൽ തീർച്ചയായും സർക്കാർ തന്നെ ഇടപെട്ട് അതിനുള്ള പരിഹാരമുണ്ടാക്കി കൊടുക്കും.

ശ്രീ. കെ. സി. ജോസഫ് : ഞാൻ മനസ്സിലാക്കുന്നത്, യൂണിവേഴ്സിറ്റി യുടെ ബന്ധപ്പെട്ടവർ ആരോ അവിടെ സീറ്റ് ചോദിച്ചു. കൊടുക്കാൻ പറ്റിയില്ല. അതിന് പകരം വീട്ടാനാണ് നടത്തിയ പരീക്ഷ കൃാൻസലാക്കുന്നത്.

ശ്രീ. എം. വിജയകുമാർ : വ്യക്തമായിട്ട് എന്തെങ്കിലുമുണ്ടെങ്കിൽ അതിനെക്കുറിച്ച് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly